പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 50 23.01.2018-ലെ മറുപടിക്ക്

## സിവിൽ സർവ്വീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.സണ്ണി ജോസഫ് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | സിവിൽ സർവ്വീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ജനസൗഹൃദമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | അഴിമതിയോട് വിട്ടുവീഴ്ച ഇല്ലാത്തതും ജനസൗഹൃദവുമായ ഒരു സിവിൽ സർവ്വീസാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.<br>1. സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി.<br>2. സംസ്ഥാന സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടിയെടുത്തു വരുന്നു.<br>3. പ്രഗത്ഭരും പ്രാപ്തരുമായ പുതുതലമുറയെ പബ്ലിക് സർവ്വീസുകളിലേക്ക് ആകർഷിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക എന്നീ ഉദ്ദേശ്യങ്ങളോടു കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് രൂപം നൽകി<br>4. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുതകും വിധം പുതിയ പരിശീലന നയത്തിന് രൂപം നൽകി. |

| | | | |
|---|---|---|---|
| | | | 5. ഇ-ഗവേണൻസ്, പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>6. ഭരണഭാഷ മലയാളമാക്കാനുള്ള നടപടി ത്വരിതപ്പെടുത്തി.<br>7. ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യം വച്ച് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചു. |
| (ബി) | ഓരോ ഫയലും ഒരു ജീവിതമാണെന്ന മുഖ്യമന്ത്രിയുടെ പരാമർശം ജീവനക്കാർക്ക് ജനങ്ങളോടുള്ള മനോഭാവത്തിൽ ക്രിയാത്മകമായ മാറ്റം വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഫയലുകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ജീവനക്കാരെ പ്രാപ്തമാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | സ്ഥലം മാറ്റത്തിൽ വ്യക്തവും സുതാര്യവും നിർണ്ണയിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും പൊതുസ്ഥലംമാറ്റ വ്യവസ്ഥകൾ പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (സി) | ഉണ്ട്. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് 25.02.2017-ലെ സ.ഉ (പി)നം.3/2017/ഉഭപവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ഡി) | പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ തന്നെ പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നിശ്ചിത സമയപരിധി നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കൂടാതെ പൊതു സ്ഥലംമാറ്റ നടപടിക്രമങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ത്വരിതപ്പെടുത്തി നിശ്ചിത സമയപരിധിക്കുള്ളിൽ നടത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ജീവനക്കാരുടെ സ്ഥലമാറ്റങ്ങളിൽ ഭരണാനുകൂല സംഘടനകൾ അമിതമായ കൈകടത്തൽ നടത്തുന്നുവെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ആക്ഷേപങ്ങൾ ഇല്ലാതാക്കി സുതാര്യത ഉറപ്പ് വരുത്തുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ